കുറിപ്പുകൾ

ഷെബീൻ പെരിമ്പലം

## മൈ നെയിം ഈസ് ഖാൻ

# ശിവസേനക്ക് കലികയറാതിരിക്കുന്നതെങ്ങനെ?

**'എന്റെ** പേര് ഖാൻ, ഞാനൊരു ഭീകരനല്ല.' കരൺജോഹർ ചിത്രമായ 'മൈ നെയിം ഈസ് ഖാനി'ലെ ഷാറൂഖ് ഖാൻ അവതരിപ്പിച്ച നായക കഥാപാത്രം ഇടക്കിടെ പറയുന്നു. 9/11 അനന്തര ലോകക്രമം മുസ്‌ലിമിനെ എത്രമേൽ അപരനാക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് മൈ നെയിം ഈസ് ഖാൻ.

ക്രൂരനും ഭീകരനുമായ കഥാപാത്രങ്ങളുടെ പര്യായമായി മുസ്‌ലിമിനെ അവതരിപ്പിച്ചു പോരുന്ന ഹോളിവുഡ്-ബോളിവുഡ് അപ്രഖ്യാപിത നിയമങ്ങളെ പൊളിച്ചടുക്കുകയാണ് ഈ ചിത്രം. ശിവസേനയും ബാൽതാക്കറെയും ഷാറൂഖ് ഖാനെതിരെ ഉറഞ്ഞു തുള്ളുന്നതിന്റെ കാരണം സിനിമ കണ്ടിറങ്ങുമ്പോഴാണ് മനസിലാവുക.

സാമ്രാജ്യത്വ ശക്തികളും സാമ്രാജ്യത്വ പ്രചാരകരായ മാധ്യമങ്ങളും ആഗോളതലത്തിൽ മുസ്‌ലിമിനെ തൊട്ടുകൂടാത്തവനാക്കുന്നുണ്ടെങ്കിൽ ഇന്ത്യൻ പരിസരത്ത് ആ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്നത് ഫാഷിസ്റ്റ് ശക്തികളും അവരുടെ വിടുപണിക്കാരായ മാധ്യമങ്ങളുമാണ്. മുസ്‌ലിം ഇരുകൂട്ടർക്കും ഒരുപോലെ ശല്യമാണെന്ന് സാരം. ഭഗൽപൂരും മുംബൈയും ബാബരി മസ്ജിദും ഗുജറാത്തും മുസ്‌ലിം സമൂഹത്തെ കുത്തിനോവിച്ചിട്ടും സമകാലിക ഇന്ത്യൻ പൊതുബോധം ഹിന്ദുത്വത്തെ സഹിഷ്ണുതയുടെ പ്രകൃതി പക്ഷമായും ഇസ്‌ലാമിനെ ഭീകരതയുടെ പ്രഭവ കേന്ദ്രമായും വിലയിരുത്തുന്നതിന്റെ പിന്നിൽ ഈ പ്രചാരണപരത തന്നെയാണ്.

മുസ്‌ലിം നാമധാരിയായത് കൊണ്ടുമാത്രം അമേരിക്കൻ വിമാനത്താവളത്തിൽ മണിക്കൂറുകളോളം തടഞ്ഞുവക്കപ്പെടുകയും കർശനമായ പരിശോധനകൾക്ക് വിധേയനാവുകയും ചെയ്ത ഷാറൂഖ് ഖാന്റെ സ്വന്തം അനുഭവത്തിലൂടെയാണ് ചിത്രം ആരംഭിക്കുന്നത്. അമേരിക്കയിൽ താമസമാക്കിയ ഒരു മുസ്‌ലിം കുടുംബാംഗമാണ് റിസ്‌വാൻ ഖാൻ. ആസ്പർഗേർസ് സിൻഡ്രോം (Asperger's Syndrom) എന്ന മാനസിക രോഗത്തിനടിമയായ ഖാൻ അമേരിക്കയിൽ തന്നെ താമസമാക്കിയ ഹെയർ സ്റ്റൈലിസ്റ്റ് മന്ദിര(കജോൾ)യുമായി പ്രണയത്തിലാകുന്നു. പത്ത് വയസ്സുകാരൻ സാം (സമീർ)ന്റെ അമ്മ കൂടിയാണ് മന്ദിര. ഇരുവരും വിവാഹിതരാകുന്നു. സെപ്റ്റംബർ 11 ഭീകരാക്രമണാനന്തരം അമേരിക്കൻ സമൂഹത്തിന്റെ വംശവെറിയുടെ ഇരയായി സാം കൊല്ലപ്പെടുന്നു. മന്ദിര ഖാനെ ഉപേക്ഷിക്കുന്നു. അമേരിക്കൻ പ്രസിഡന്റിനെ കാണാനുള്ള ശ്രമത്തിനിടയിൽ ഖാൻ ഭീകര മുദ്രകുത്തപ്പെട്ട് പിടിയിലാകുന്നു. ചില

മാധ്യമ പ്രവർത്തകരുടെ ശ്രമഫലമായി ഖാൻ മോചിതനാകുന്നു.

പാശ്ചാത്യ സമൂഹത്തിന്റെ ഇസ്‌ലാമോഫോബിയയെ യഥാതഥമായി ചിത്രീകരിക്കുന്നതിൽ ചിത്രം വിജയിച്ചിട്ടുണ്ട്. സമൂഹം തങ്ങളെ ഭീതിയോടെ കാണുന്നത് സഹിക്കാനാവാതെ സ്വന്തം അസ്തിത്വം ഓരോന്നോരോന്നായി ഈ വംശവെറിക്കു മുന്നിൽ ബലികഴിക്കേണ്ടി വരുന്ന ഒരു ജനത. താടി വെച്ചവർക്ക് വടിച്ചു കളയേണ്ടി വരുന്നു. ശിരോവസ്ത്രം ഊരിയെറിയേണ്ടി വരുന്നു!

സർവകലാശാലയിൽ റിസർച്ച് ഫെലോയായ റിസ്‌വാൻഖാന്റെ അനുജന്റെ ഭാര്യ ഹസീനഖാന്റെ ശിരോവസ്ത്രം വംശീയ ഭ്രാന്തന്മാർ വലിച്ചിടുന്നു, ക്ലാസെടുക്കാനെത്തിയ ശിരോവസ്ത്രധാരിയായ അധ്യാപികയെ ഭീതിയോടെ കാണുന്ന വിദ്യാർഥികൾ, താടിവെച്ചവനരികിൽ കുട്ടിയെ ഇരുത്താൻ മടിക്കുന്ന രക്ഷിതാവ്, മതങ്ങളും ദർശനങ്ങളും പഠിപ്പിക്കുന്ന ക്ലാസിൽ ഏറ്റവും അപകടകരമായ ദർശനം ഇസ്‌ലാമെന്ന് പഠിപ്പിക്കപ്പെടുന്നു.... ഇസ്‌ലാമോഫോബിയയുടെ വ്യത്യസ്ത മുഖങ്ങൾ വിവൃതമാക്കുന്നു കരൺ ജോഹർ.

സ്വത്വ പ്രതിസന്ധികൾക്കിടയിലും ആരെയും കൂസാതെ സ്വന്തം അസ്തിത്വം അൽപം പോലും പണയപ്പെടുത്താൻ ഒരുക്കമല്ലാത്ത ഒരാൾ. മുസ്‌ലിമായതിൽ അയാൾ ഖിന്നനല്ല; അഭിമാനിയാണ്. വംശവും മതവുമല്ല നന്മയും തിന്മയുമാണ് മനുഷ്യനെ തരം തിരിക്കേണ്ട തെന്ന് വംശീയ ഭ്രാന്ത് തലക്കുപിടിച്ച ഒരു സമൂഹത്തെ നിരന്തരം പഠിപ്പിക്കുന്നു റിസ്‌വാൻഖാൻ. ഭീകരനല്ലാത്തവനെ ഭീകരനാക്കി ചിത്രീകരിക്കുന്നതാണ് ഏറ്റവും വലിയ ഭീകരതയെന്ന പാഠം ചിത്രം നൽകുന്നു. സ്വന്തം ശരീരം സംരക്ഷിക്കാനും സ്വന്തം ഇഛക്കനുസരിച്ച് വസ്ത്രം ധരിക്കാനുമുള്ള സ്ത്രീയുടെ/മനുഷ്യന്റെ മൗലികാവകാശത്തിൽ പെട്ടതു തന്നെയാണ് ഹിജാബെന്നും, അതൊരു തടവറയല്ല അന്തസ്സാണ് മുസ്‌ലിം സ്ത്രീക്ക് നൽകുന്നതെന്നും പ്രഖ്യാപിക്കുന്ന മുസ്‌ലിം വനിതകളെ ചിത്രത്തിൽ കാണാം.

ഖുർആനിനെയും പ്രവാചകചര്യയെയും തങ്ങളുടെ വൈകാരികതക്ക് ന്യായീകരണമാക്കുന്ന മുസ്‌ലിം സമൂഹത്തിലെ തീവ്രവാദ ധാരയെക്കുറിച്ചും ചിത്രത്തിൽ പരാമർശമുണ്ട്. ഇസ്മാഈൽ നബി(അ) രക്തസാക്ഷിത്വത്തിനുള്ള പ്രചോദനമാണെന്ന വാദത്തെ യുക്തിസഹമായിട്ടാണ് ഈ ചിത്രം ഖണ്ഡിക്കുന്നത്. ബലി നൽകാൻ പറഞ്ഞതിലൂടെ ഇസ്മാഈലിന്റെ രക്തവും മാംസവുമല്ല ദൈവം ആവശ്യപ്പെട്ടത്; ഇബ്‌റാഹീമിന്റെയും ഇസ്മാഈലിന്റെയും സമർപ്പണ സന്നദ്ധതയെ പരീക്ഷിച്ചറിയുക മാത്രമാണ് ചെയ്തത്.

അമേരിക്കൻ പൊതുസമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും മാധ്യമങ്ങളുടെയും വംശവെറിയുടെ മറ്റൊരു ഉദാഹരണമാണ് കറുത്ത വർഗക്കാരോടുള്ള സമീപനം. കൊടുംപേമാരി നക്കിത്തുടച്ച ജോർജിയൻ നിവാസികളെ ക്രൂരമായി അവഗണിക്കുന്ന ഭരണകൂടത്തെ ചിത്രത്തിൽ കാണാം. അമേരിക്കൻ ചരിത്രത്തിൽ ആദ്യമായി ഒരു കറുത്തവർഗക്കാരൻ പ്രസിഡന്റ് പദവിയിലെത്തിയത് ശുഭ സൂചനയായിട്ടാണ് ചിത്രം വിലയിരുത്തുന്നത്. മുസ്‌ലിം സമൂഹത്തോടുള്ള സമീപനത്തിൽ പിശക് പറ്റിയിട്ടുണ്ടെന്ന് പുതിയ പ്രസിഡന്റ് സമ്മതിക്കുന്നതാണ് മൈ നെയിം ഈസ് ഖാനിലെ അവസാന രംഗം.

ഈ ചിത്രത്തെ നമ്മുടെ പൊതുസമൂഹം പൂർണ മനസോടെ സ്വീകരിക്കില്ലെന്നുറപ്പ്; നേര് പറയുന്നവരെ നെറികെട്ടവരാക്കി കൂകിത്തോൽപിക്കാൻ വംശീയഭ്രാന്തൻമാർ കലിതുള്ളി രംഗത്തെത്തിയ സാഹചര്യത്തിൽ വിശേഷിച്ചും. ■